**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1353** **19-09-2025 - ൽ മറുപടിയ്ക്ക്**

**കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. (ഡീറ്റയിൽഡ് പ്രോജെക്ട് റിപ്പോർട്ട്) തയ്യാറാക്കൽ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കാവാലിപ്പുഴ സ്റ്റീൽ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ഡിസൈൻ വിഭാഗം TGDD ലഭ്യമാക്കിയിട്ടുമുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ DPR തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | കാവാലിപ്പുഴ തൂക്കുപാലത്തിനായി മുമ്പ് നിർദ്ദേശിച്ചിരുന്ന സ്റ്റീൽ ബ്രിഡ്ജിനു പകരം കോൺക്രീറ്റ് പാലം പരിഗണിക്കുന്നതിനു വേണ്ടി ഡിസൈൻ വിഭാഗം നടത്തിയ പരിശോധനയുടെ നിലവിലെ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ; | (ബി) | കാവാലിപ്പുഴ സ്റ്റീൽ ബ്രിഡ്ജിന് പകരം 6.5 മീറ്റർ വീതിയിൽ ഉള്ള കോൺക്രീറ്റ് ബ്രിഡ്ജിന്റെ ഡിസൈൻ ആണ് TGDD പ്രകാരം തയ്യാറാക്കിയിട്ടുള്ളത്. പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ DPR തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | 05/12/2024-ന് ബഹു. എം.എൽ.എ സമർപ്പിച്ച കത്തിലെ നിർദേശപ്രകാരം കോൺക്രീറ്റ് പാലം ഉൾപ്പെടുത്തി തയ്യാറാക്കുന്ന പുതിയ ഡിസൈൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രതീക്ഷിക്കുന്ന സമയപരിധി വിശദീകരിക്കാമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ